**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം. 227 17.08.2017 -ൽ മറുപടിക്ക്

# തൊഴിലന്വേഷകർക്കായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.എം. സ്വരാജ്<br>ശ്രീ.എം. മുകേഷ് | | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാർ തൊഴിലന്വേഷകർക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) | ഈ സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന തൊഴിലന്വേഷകർക്കായി കരിയർ ഡെവലപ്മെന്റ് സെന്റർ എന്ന നൂതന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) | ഉദ്യോഗാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ പ്രവർത്തനം വിശദമാക്കുമോ; | ബി) | ഉണ്ട്.<br>കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ ഹാജരാകുന്ന ഉദ്യോഗാർത്ഥികളെ രജിസ്ട്രേഷൻ നടത്തി ഐഡന്റിറ്റി കാർഡ് നൽകുകയും ആവശ്യമുള്ളവർക്ക് കൗൺസിലിംഗ്, കരിയർ ഗൈഡൻസ് എന്നിവ ഉപയോഗപ്പെടുത്താവുന്നതും സമയപരിധിക്ക് വിധേയമായി ലൈബ്രറി, ഇന്റർനെറ്റ് സൗകര്യം എന്നിവ പ്രയോജനപ്പെടുത്താവുന്നതുമാണ്. ഇതിനു പുറമെ കരിയർ ഡെവലപ്മെന്റ് സെന്ററുകളിൽ വെച്ച് റെസ്യൂമെ പ്രിപ്പറേഷൻ, ഭാഷ നൈപുണ്യ വികസന പദ്ധതികൾ, മോക്ക് ഇന്റർവ്യൂ സെക്ഷനുകൾ, പ്രീ |

| | | | |
|---|---|---|---|
| | | | ഇന്റർവ്യൂ ഡിസ്കഷൻ എന്നീ സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് നൽകുന്നുണ്ട്. കൂടാതെ കരിയർ ഡെവലപ്മെന്റ് സെന്ററിന് പുറത്ത് വച്ച് വിവിധ സ്കൂളുകൾ, സന്നദ്ധ സംഘടനകൾ, പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവർക്കായി പ്രത്യേക പരിശീലന പരിപാടികൾ. കരിയർ ഗൈഡൻസ്/കരിയർ എക്സിബിഷൻ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്യുന്നു. |
| **സി)** | എല്ലാ ജില്ലകളിലും ഇവ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്; | സി) | ഉണ്ട്.<br>നിലവിൽ കോഴിക്കോട്. പാലക്കാട് ജില്ലകളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| **ഡി)** | കരിയർ ഡെവലപ്മെന്റ് സെന്ററുകൾ മുഖേന ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | **ഡി)** | കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിങ്, മോട്ടിവേഷൻ ക്ലാസുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ തുടങ്ങിയവ മുഖേന ഗ്രാമീണ മേഖലയിലെ ഉദ്യോഗാർത്ഥികൾക്ക് വിദ്യാഭ്യാസമേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന |

| | | | |
|---|---|---|---|
| | | | മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ കരിയർ ഡെവലപ്മെന്റ് സെന്റർ പ്രയോജനപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ